"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.ശ്രീകാന്ത്.കെ., ജൂനിയർ കൺസൾട്ടന്റ് (അനസ്തേഷ്യ) - ജോലിയിൽ പ്രവേശിക്കാൻ കഴിയാതിരുന്ന കാലയളവ് ക്രമപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.1415/2024/H&FWD തീയതി,തിരുവനന്തപുരം, 11-06-2024

പരാമർശം:- ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 16.11.2023, 13.03.2024 തീയതികളിലെ ഇ.എ1-21838//2023/ ആ.വ.ഡ. നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

2023 ലെ പൊതു സ്ഥലം മാറ്റത്തിൽ വടക്കാഞ്ചേരി ജില്ലാ ആശുപത്രിയിൽ നിന്നും നിലമ്പൂർ ജില്ലാ ആശുപത്രിയിലേയ്ക്ക് സ്ഥലം മാറ്റം നൽകിയ അനസ്തേഷ്യ വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ. ശ്രീകാന്ത്.കെ 13.07.2023 അപരാഹ്നത്തിൽ വടക്കാഞ്ചേരി ജില്ലാ ആശുപത്രിയിൽ നിന്നും വിടുതൽ ചെയ്യുകയുണ്ടായി. എന്നാൽ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്യപ്പെട്ട OA (EKM) NO.797/2023, OA (EKM)-806/2023 എന്നിവയിന്മേലുള്ള സ്റ്റേ ഉള്ളതിനാൽ ടിയാന് നിലമ്പൂർ ജില്ലാ ആശുപത്രിയിൽ ജോലിയിൽ പ്രവേശിക്കാൻ കഴിഞ്ഞില്ല. ആയതിനാൽ ടിയാൻ 22.07.2023 പൂർവ്വാഹ്നത്തിൽ മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസിൽ മുമ്പാകെ റിപ്പോർട്ട് ചെയ്യുകയും ജില്ലാ മെഡിക്കൽ ഓഫീസർ 24.07.2023-ൽ ടിയാന് നിലമ്പൂർ ജില്ലാ ആശുപത്രിയിലേയ്ക്കും മലപ്പുറം താലൂക്ക് ആശുപത്രിയിലേയ്ക്കും താൽക്കാലിക നിയമനം നൽകുകയുമുണ്ടായി. OA(EKM) No.797/2023, OA(EKM) No.806/2023 കേസുകളിന്മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ 05.06.2023-ലെ ഉത്തരവ് അനുപാലിച്ചുകൊണ്ട് പുറപ്പെടുവിച്ച സ.ഉ(സാധാ) നം.2654/2023/ആകുവ തീയതി 12.10.2023 പ്രകാരം ഡോ.ശ്രീകാന്ത്.കെ.-യ്ക്ക് 14.10.2023 അപരാഹ്നത്തിൽ നിലമ്പൂർ ജില്ലാ ആശുപത്രിയിൽ ജോലിയിൽ പ്രവേശിക്കുവാൻ സാധിച്ചു. ആയതിനാൽ ബഹു. ട്രൈബ്യൂണലിന്റെ സ്റ്റേ ഓർഡർ കാരണം ഡോ. ശ്രീകാന്ത്.കെ.ക്ക് ജോലിയിൽ പ്രവേശിക്കാൻ കഴിയാതിരുന്ന 14.07.2023 മുതൽ 13.10.2023 വരെയുള്ള കാലയളവ് ക്രമീകരിച്ചു നൽകണമെന്ന് ആവശ്യപ്പെട്ട് ടിയാൻ അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത കാലയളവിൽ ടിയാൻ നിലമ്പൂർ ജില്ലാ ആശുപത്രിയിലും മലപ്പുറം

താലൂക്ക് ആശുപത്രിയിലും ജോലി ചെയ്തിരുന്നതായി ജില്ലാ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതിനാൽ പ്രസ്തുത കാലയളവ് KSR Part 1 Rule 12(7) Note 4 പ്രകാരം ഡ്യൂട്ടിയായി ക്രമീകരിച്ചു നൽകാവുന്നതാണെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശ കത്തുകൾ പ്രകാരം ശിപാർശ ചെയ്തിരുന്നു.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ആയതു പ്രകാരം അനസ്തീഷ്യ വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ. ശ്രീകാന്ത്.കെ.ക്ക് ജോലിയിൽ പ്രവേശിക്കാൻ കഴിയാതിരുന്ന 14.07.2023 മുതൽ 13.10.2023 വരെയുള്ള കാലയളവ് കെ.എസ്.ആർ. ഭാഗം I ചട്ടം 12 (7)-ന് ചുവടെയുള്ള കുറിപ്പ് 4 പ്രകാരം ഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PREENA SHAMSUDDIN
ഡെപ്യൂട്ടി സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), മലപ്പുറം.
ഡോ.ശ്രീകാന്ത്.കെ., ജൂനിയർ കൺസൾട്ടന്റ് (അനസ്തീഷ്യ) (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖാന്തിരം)
ധനകാര്യ വകുപ്പ് (E 2706956/HLT-B3/66/2024-FIN പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Anupama G Nair
Date: 11-06-2024 12:25:04

മേലെഴുത്ത് നം. ഇ.എ1-21888/2023/ആ.വ.ഡ തീയതി 11.06.2024.

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും മേൽനടപടികൾക്കുമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

Bems 11/6/24

ആരോഗ്യവകുപ്പ് ഡയറക്ടർക്കുവേണ്ടി